**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1228** **30.09.2016 ൽ മറുപടിയ്ക്ക്**

## കേരളത്തിലെ ഓൺലൈൻ ടാക്സികൾ

| | ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിൽ ഏതൊക്കെ ഓൺലൈൻ ടാക്സികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഓൺലൈൻ ടാക്സി എന്ന രീതിയിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യിട്ടില്ലാത്തതിനാൽ ഇവയുടെ എണ്ണം കണക്കാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത ഓൺലൈൻ ടാക്സി കമ്പനികൾക്ക് കേരള സർക്കാർ ഏതെങ്കിലും വിധത്തിലുള്ള ലൈസൻസുകൾ നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | ഇല്ല |
| (സി) | കേരളത്തിലെ ടാക്സികളെക്കാളും വളരെ കുറഞ്ഞനിരക്കിലാണ് ഓൺലൈൻ ടാക്സികൾ ഇപ്പോൾ സർവ്വീസ് നടത്തുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ഇത് സംബന്ധിച്ച് വിവിധ അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടാക്സികാർ തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്നവരുടെ അഭിപ്രായംകൂടി സ്വരൂപിച്ച് വകുപ്പ്തലത്തിൽ പഠനം നടത്തി ഇതുമായി ബന്ധപ്പെട്ട ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | ഇപ്പോൾ നിരക്ക് കുറച്ച് കാണിച്ച് ജനങ്ങളുടെയും, സർക്കാരിന്റെയും അംഗീകാരം നേടിയിട്ട്, പിന്നീട് ജനങ്ങളെ അമിത ടാക്സി ചാർജ്ജ് വാങ്ങി ബുദ്ധിമുട്ടിയ്ക്കാനാണ് ടി കമ്പനികൾ ശ്രമിയ്ക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (ഇ) | കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനകരമായ വിധത്തിൽ, ചാർജ്ജ് കുറച്ച് വാങ്ങിയാണ് ടി കമ്പനികൾ സർവ്വീസ് നടത്തുന്നതെങ്കിൽ ഇതിനെ പ്രോത്സാഹിപ്പിയ്ക്കാനും കേരളത്തിൽ ആകമാനം ഇത് നടപ്പാക്കാനും നടപടി സ്വീകരിക്കുമോ? | (ഇ) | ഇത് സംബന്ധിച്ച ഒരു അഗ്രഗേറ്റർ പോളിസി നടപ്പിൽ വരുത്തുന്നതിനുള്ള ഒരു കരട് സ്കീം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ